(ഡി) ഇത്തരം പ്രവർത്തികൾ മോണിറ്റർ ചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി ഉറപ്പാക്കാൻ വേണ്ട നിർദ്ദേശങ്ങൾ എല്ലാ ജില്ലകളിലേയും വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, സ്കൂൾ മാനേജർമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ജില്ലാ ആഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ എന്നിവരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

വിദ്യാഭ്യാസമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

18 (5150) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി കഴിഞ്ഞ നാലുവർഷങ്ങളിൽ ലഭ്യമായ കേന്ദ്ര ഗവൺമെന്റ് സഹായത്തിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ നാലു വർഷങ്ങളിൽ സംസ്ഥാനം ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) വയനാട് ജില്ലയിൽ വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയിൽ കഴിഞ്ഞ നാലുവർഷങ്ങളിൽ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly